പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

## 'വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

**(Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

ഫെബ്രുവരി

2020 ജനുവരി 5-ാം തീയതി സമർപ്പിച്ചത്

(Presented on 5th January 2020)

February

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2020

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

### 'വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239 of the Rules of Procedure and Conduct of Business
in the Kerala Legislative Assembly)

188/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1-12 |
| അനുബന്ധം | .. | 13 |

സബ്ജക്ട് കമ്മിറ്റി X

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2019-2021)

**ഘടന**

ചെയർമാൻ:

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ.യു. ജനീഷ് കുമാർ*.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി,

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി,

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

---

*2019 നവംബർ 4-ാം തീയതിയിലെ ബുള്ളറ്റിൻ-ഭാഗം 2 നമ്പർ 768 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു

# അവതാരിക

ഈ ഭൂമി മനുഷ്യന് മാത്രമുള്ളതല്ല, വന്യജീവികൾ ഉൾപ്പെടെയുള്ള സ്ഥൂലവും സൂക്ഷ്മവുമായ എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. ജൈവസമ്പന്നമായ വനമേഖലകളുടെ സ്ഥായീഭാവം നിതാന്തമായി നിലനിർത്തുന്നതിന് വന്യജീവികളുടെ പങ്ക് പരമപ്രധാനമാണ്. ഇവ വന ഇക്കോവ്യൂഹത്തിലെയും ഭക്ഷ്യശൃംഖലയിലെയും പ്രധാന ഘടകങ്ങളാണ്. ഓരോ ചെറുജീവിയും പ്രകൃതിയുടെ നിലനിൽപ്പിനായി അതിന്റേതായ ധർമ്മം നിർവ്വഹിക്കുന്നുണ്ട് എന്നതുകൊണ്ടുതന്നെ ഏതൊരു വന്യജീവിയുടെയും വംശനാശം പരിസ്ഥിതിയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്.

ലോകത്താകമാനം വന്യജീവികൾ അങ്ങേയറ്റം ഭീഷണി നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മനുഷ്യരുടെ കടന്നുകയറ്റം മൂലമുണ്ടാകുന്ന ആവാസവ്യവസ്ഥയുടെ നഷ്ടവും ശോഷണവും സംഘർഷങ്ങളുമെല്ലാം അവയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. വംശോന്മുഖതയുടെ വിവിധ തലങ്ങളിൽ നിൽക്കുന്ന വന്യജീവികളെ സംരക്ഷിക്കുകവഴി നാം നമ്മുടെ ഭാവിയെത്തന്നെയാണ് സംരക്ഷിക്കുന്നതെന്ന തിരിച്ചറിവ് മനുഷ്യസമൂഹത്തിൽ ഊട്ടി ഉറപ്പിക്കേണ്ടത് അനിവാര്യമാണ്.

ഈ സാഹചര്യത്തിലാണ് 'വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം' എന്ന വിഷയം സമിതി പഠനവിധേയമാക്കുവാൻ തീരുമാനിച്ചത്. തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം235(എ) പ്രകാരം 25-7-2018-ൽ സമിതി യോഗം ചേരുകയും പ്രസ്തുത വിഷയത്തിന്മേൽ വനംവന്യജീവി വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാനത്തെ മുഖ്യ വനപാലകൻ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന വസ്തുതകളും ഇതു സംബന്ധിച്ച് സമിതി നിർദ്ദേശിച്ച ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ജനുവരി 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജനുവരി 30.

# റിപ്പോർട്ട്

കേരളത്തിന്റെ വനവിസ്തൃതി 11309 ച. കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ (38863 ച.കി.) 29.01 ശതമാനമാണ്. പ്രകൃതിദത്തമായ നിബിഢ വനങ്ങൾ കൂടാതെ തേക്ക്, അൽബീസിയ, യൂക്കാലി തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ ഉൾക്കൊള്ളുന്ന 1.48 ലക്ഷം ഹെക്ടർ വരുന്ന തോട്ടങ്ങൾ എന്നിവ ഈ വനവിസ്തൃതിയിൽ ഉൾപ്പെടുന്നു. വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനായി കൂടുതൽ പ്രദേശങ്ങൾ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളുമായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നു. നിലവിൽ കേരളത്തിൽ 3213.25 സ്ക്വയർ കിലോമീറ്റർ വനവിസ്തൃതിയിൽ (സൈലന്റ് വാലി ബഫർ മേഖല ഉൾപ്പെടെ) ഇത്തരത്തിലുള്ള 23 സംരക്ഷിത വന പ്രദേശങ്ങളുണ്ട്. അവയിൽ 12 വന്യജീവി സങ്കേതങ്ങളും 3 പക്ഷി സങ്കേതങ്ങളും 2 കടുവ സങ്കേതങ്ങളും 5 ദേശീയോദ്യാനങ്ങളും 1 കമ്മ്യൂണിറ്റി റിസർവ്വും ഉൾപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 8.26%-ഉം, ആകെയുള്ള വന പ്രദേശത്തിന്റെ 28.42%-ഉം ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആകെ ഭൂവിസ്തൃതിയുടെ 10% എങ്കിലും സംരക്ഷിത വനമേഖലകളായിരിക്കണമെന്ന് National Wildlife Action Plan നിഷ്കർഷിക്കുന്നുണ്ട്.

2. വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനായി വനംവന്യജീവി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതികൾ Centrally Sponsored Schemes-ൽ (60% കേന്ദ്ര ഫണ്ടും 40% സംസ്ഥാന വിഹിതവും) ഉൾപ്പെടുത്തി ആണ് നടപ്പിലാക്കി വരുന്നത്. അവയിൽ പ്രധാനപ്പെട്ടവ :

## I. വന്യജീവി ആവാസ വ്യവസ്ഥകളുടെ സംയോജിത വികസന പദ്ധതി (Integrated Development of Wildlife Habitat)

3. വന്യജീവി ആവാസ വ്യവസ്ഥകളുടെ പരിപാലനത്തിനായി 60% കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലൂടെ ഓരോ സംരക്ഷിത മേഖലയുടെയും പരിപാലനത്തിനും സംരക്ഷണത്തിനുമായി മാനേജ്മെന്റ് പ്ലാനുകളും പദ്ധതി നടത്തിപ്പിനായുള്ള വാർഷിക കർമ്മ പദ്ധതിയും (APO) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

4. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ആവാസ വ്യവസ്ഥയുടെ സംരക്ഷണം, വന്യജീവി പരിപാലനം, ആവാസ വ്യവസ്ഥയുടെ നിലവാരം മെച്ചപ്പെടുത്തൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കൽ, ഗവേഷണ പഠനങ്ങൾ, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിവയാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. 2017-'18 ലും 2018-'19 ലും ഈ പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായം ഉൾപ്പെടെയുള്ള അംഗീകരിച്ച കർമ്മ പദ്ധതി അനുബന്ധമായി ചേർത്തിരിക്കുന്നു.

## II. പ്രോജക്ട് ടൈഗർ (Project Tiger)

5. വംശനാശഭീഷണി നേരിടുന്ന കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുകയും അതുവഴി മറ്റു ജീവജാലങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1978 മുതൽ കേന്ദ്ര ധനസഹായത്തോടെ (60%) 'പ്രോജക്ട് ടൈഗർ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. കടുവകളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും, അവയ്ക്ക് ആവശ്യമായ ഇരകളുടെ എണ്ണം സന്തുലിതപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുമാണ് ഈ പദ്ധതിയിൽ മുൻതൂക്കം നൽകുന്നത്. കേരളത്തിൽ 2 കടുവാ സങ്കേതങ്ങളാണ് ഉള്ളത്. അവയെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കടുവാ സങ്കേതത്തിന്റെ പേര് | രൂപീകരിച്ച വർഷം | കോർ (ച.കി.മീ) | ബഫർ (ച.കി.മീ) | ആകെ വിസ്തൃതി (ച.കി.മീ) |
|---|---|---|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ് | 1978 | 881.00 | 44.00 | 925.00 |
| 2 | പറമ്പിക്കുളം ടൈഗർ റിസർവ് | 2009 | 390.89 | 252.77 | 643.66 |

## III. പ്രോജക്ട് എലിഫന്റ് (Project Elephant)

7. വംശനാശ ഭീഷണി നേരിടുന്ന ആനകളുടെ സംരക്ഷണത്തിനായി 1992 മുതൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പ്രോജക്ട് എലിഫന്റ്. ആനകളുടെ ആവാസ മേഖലകളെ എലിഫന്റ് റിസർവ്വുകളായി തിരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിൽ 4 എലിഫന്റ് റിസർവ്വുകളാണ് ഉള്ളത്.

| ക്രമ നമ്പർ | എലിഫന്റ് റിസർവ്വിന്റെ പേര് | വിസ്തൃതി (ച.കി.മീ.) |
|---|---|---|
| 1 | ആനമുടി | 2818.45 |
| 2 | പെരിയാർ | 3026.41 |
| 3 | നിലമ്പൂർ | 1142.30 |
| 4 | വയനാട് | 934.16 |
| | **ആകെ** | **7920.32** |

8. ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനന പാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ വയർലസ് സെറ്റുകൾ, വനസംരക്ഷണത്തിനും പരിപാലനത്തിനുമുള്ള വാഹനങ്ങൾ, വൈദ്യുത വേലികളുടെ നിർമ്മാണം, കരിങ്കൽ ഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിന് വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ്/വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികളായ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ നൽകൽ മുതലായ പ്രധാന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടത്തി വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

## IV. ബയോസ്ഫിയർ റിസർവ്വുകൾ (Biosphere Reserves)

9. ഒരു മേഖലയുടെ ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കുന്നതിനും സമീപവാസികളുടെ സുസ്ഥിരമായ സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് UNESCO ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Man and Biosphere Programme. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളാണ് ബയോസ്ഫിയർ റിസർവ്വുകൾ. കേരളത്തിൽ നീലഗിരി, അഗസ്ത്യമല എന്നീ രണ്ട് ബയോസ്ഫിയർ റിസർവ്വുകളാണ് ഉള്ളത്.

10. തദ്ദേശവാസികളുടെ ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ, പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ പ്രചാരണം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനവും പരിരക്ഷയും, സമീപവാസികളുടെ വിദ്യാഭ്യാസം, പരിശീലനം, ബോധവത്കരണം, ജനപങ്കാളിത്തത്തോടെയുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

## V. വയനാട് വന്യജീവി സങ്കേതത്തിൽ താമസിക്കുന്നവർക്കായി നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

11. ടൈഗർ റിസർവ്വുകളിലും, വന്യജീവി സങ്കേതം/നാഷണൽ പാർക്കുകൾ എന്നിവിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആൾക്കാരെ കേന്ദ്ര സർക്കാർ പ്രോജക്ട് ടൈഗർ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ധനസഹായം നൽകി മാറ്റി പാർപ്പിക്കുന്നതിനായി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സ്വമേധയാ മാറിതാമസിക്കുന്നതിനുള്ള ഈ പദ്ധതി ആരേയും നിർബന്ധപൂർവ്വം മാറ്റിപാർപ്പിക്കുന്നത് വിഭാവനം ചെയ്യുന്നില്ല. വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന 800 കുടുംബങ്ങളെ ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നൽകി മാറ്റി പാർപ്പിക്കുന്നതിലേയ്ക്കായി 80 കോടി രൂപയുടെ പദ്ധതി തത്വത്തിൽ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്.

12. വയനാട് വന്യജീവി സങ്കേതത്തിൽ 2012-'13 മുതൽ നടപ്പാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഗോളൂർ, അമ്മവയൽ, കൊട്ടങ്കര, കറിച്യാട്, അരക്കഞ്ചി, വെള്ളക്കോട്, പുത്തൂർ, ഈശ്വരകൊല്ലി, നിരമാന്തികൊല്ലി എന്നീ സെറ്റിൽമെന്റുകളിൽ നിന്നും 241 കുടുംബങ്ങളെ 23.66 കോടി രൂപ ചെലവഴിച്ച് മാറ്റി താമസിപ്പിച്ചിട്ടുണ്ട്. മുത്തങ്ങ റെയിഞ്ചിൽപ്പെട്ട ചെട്ട്യാലത്തൂർ സെറ്റിൽമെന്റിൽ സ്ഥിരതാമസമുള്ള 148 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

## VI. സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

<u>ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാം</u>

13. വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്ക് സഹായം നൽകുക, വിഭവ പരിപാലനം എന്നിവയാണ് ഈ പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. വിവിധ സംരക്ഷിത പ്രദേശങ്ങളിൽ പരിസ്ഥിതി വികസന പരിപാടികളും നടപ്പിലാക്കുന്നതാണ്. ഗാർഹിക ആവശ്യത്തിനുള്ള വിറകിന്റെ ഉപയോഗത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, വനപ്രദേശത്തിന്റെ സമീപവും ചുറ്റുപാടുമുള്ള സ്കൂളുകൾക്ക് അധിക സൗകര്യങ്ങൾ ലഭ്യമാക്കുക, മുളകൊണ്ടുള്ള കുടിൽവ്യവസായം വികസിപ്പിക്കുക, കോളനികളിലുള്ള പട്ടികവർഗ്ഗക്കാർക്ക് വിളകളും മറ്റു പഴവർഗ്ഗങ്ങളും കൃഷിചെയ്യാനുള്ള

പ്രോത്സാഹനം നൽകുക, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, തീറ്റപ്പുൽകൃഷി, ആദിവാസി മേഖലകൾക്കുചുറ്റും ബയോളജിക്കൽ/സൗരോർജ്ജ വേലികളുടെ നിർമ്മാണം, വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള തൊഴിൽ പരിശീലനങ്ങൾ, ഉപജീവനത്തിനുള്ള സഹായങ്ങൾ, വനത്തിനു സമീപം അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ മുതലായവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

## VII. ജൈവവൈവിധ്യ സംരക്ഷണം (Conservation of Biodiversity)

14. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, അനധികൃത കയ്യേറ്റത്തിനെതിരെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ മുതലായ പ്രവർത്തികൾ ഇതിൽപ്പെടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു.

15. വനം വന്യജീവി വകുപ്പ് നടപ്പിലാക്കി വരുന്ന മേൽ പരാമർശിച്ച വിവിധ പദ്ധതികളും പ്രവർത്തനങ്ങളും അവലോകനം ചെയ്ത സമിതി, വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രമായ വികസനത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

16. ഇന്ന് ലോകത്ത് കരഭാഗത്തിന്റെ ഏതാണ്ട് 30 ശതമാനവും വനമേഖലയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജൈവവൈവിധ്യങ്ങളുടെ കലവറകളായ വനമേഖലകൾക്കകത്താണ് ജന്തു-സസ്യവർഗ്ഗങ്ങളുടെ എൺപത് ശതമാനവും സുരക്ഷിതരായി കഴിഞ്ഞുവരുന്നത്. ഈ വന സമ്പത്ത് നശിപ്പിക്കപ്പെടുന്നതിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരുന്നു. വന നശീകരണം ഇന്ന് ഒരു ആഗോള പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. ലോകത്ത് ഓരോ വർഷവും 13 മില്യൺ ഹെക്ടർ വനം നശിപ്പിക്കപ്പെടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മനുഷ്യസമൂഹത്തിന്റെ ദുരാഗ്രഹങ്ങളാണ് പലപ്പോഴും അമൂല്യങ്ങളായ വനസമ്പത്തിനെ വെട്ടിവെളുപ്പിച്ച് കേവലമായ കെട്ടിടങ്ങളും കോൺക്രീറ്റ് സൗധങ്ങളും പണിത് വികസനമെന്ന വികലമായ കാഴ്ചപ്പാടിലൂടെ വനസമ്പത്തിനും സർവ്വോപരി വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയാകുന്നതെന്ന് സമിതി വിലയിരുത്തുന്നു.

17. വന്യജീവികളുടെ ആവാസവ്യവസ്ഥയും മനുഷ്യരുടെ ആവാസവ്യവസ്ഥയും പരസ്പര പൂരകങ്ങളാണ്. നാം നേരിടുന്ന കാലാവസ്ഥാ വ്യതിയാനവും മഴയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവും, അനുദിനം ഉയരുന്ന അന്തരീക്ഷ താപനിലയും നൽകുന്ന സൂചനകൾ വിസ്മരിച്ച് പ്രവർത്തിച്ചതിന്റെ ഫലമാണ് കഴിഞ്ഞ വർഷത്തെ പ്രളയത്തിലൂടെ പ്രകൃതി തിരിച്ചുനൽകിയതെന്ന് സമിതി നിരീക്ഷിക്കുന്നു. ലോക ജനതയുടെ എൺപത് ശതമാനവും ജലസുരക്ഷയുടെ കാര്യത്തിൽ ഭീഷണി നേരിടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ശുദ്ധജല ലഭ്യതയിലെ കുറവും, കുടിവെള്ളക്ഷാമവും കേരളം ഉൾപ്പെടെയുള്ള ഇൻഡ്യൻ സംസ്ഥാനങ്ങൾക്ക് വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. മരങ്ങളാണ് ജലസമ്പത്തിനെ സൂക്ഷിച്ചുവയ്ക്കുന്നതും, ശുദ്ധജലം പ്രദാനം ചെയ്യുന്നതും ഒരു ഹെക്ടർ ഹരിത വനത്തിന് രണ്ടരലക്ഷം ലിറ്റർ വെള്ളം സൂക്ഷിച്ചുവയ്ക്കുവാൻ സാധിക്കു മെന്നാണ് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

18. വന്യജീവികളുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണം വനനശീകരണവും, വനസമ്പത്തിന്റെ സ്വാഭാവിക ശോഷണവുമാണ്. വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെ നൂതന പദ്ധതികൾ നടപ്പിലാക്കണമെന്നും, നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ദൂരീകരിക്കണ മെന്നും സമിതി അഭിപ്രായപ്പെടുന്നു.

19. മുൻകാലങ്ങളിൽ വന്യജീവി സങ്കേതങ്ങളിൽ നടപ്പിലാക്കിയിരുന്ന പല പദ്ധതികളും 100% കേന്ദ്ര സഹായത്തോടെയാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ നിലവിൽ ഈ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ Centrally Sponsored Scheme (മൊത്തം തുകയുടെ 60% കേന്ദ്ര വിഹിതവും, 40% സംസ്ഥാനവിഹിതവും) ആയാണ് നടപ്പിലാക്കിവരുന്നത്. 2016-17 സാമ്പത്തികവർഷം വരെ കേന്ദ്രാനുമതി പ്രതീക്ഷിച്ച് വന്യജീവി സങ്കേതങ്ങളുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാരിന്റെ വിഹിതം നേരത്തെ തന്നെ നൽകിയിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ സംസ്ഥാന വിഹിതമായി ലഭിച്ചിരുന്ന അധിക തുകയും വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വിനിയോഗിച്ചിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാന വിഹിതം 40% മാത്രമായി കർശനമായി നിജപ്പെടുത്തുകയും കേന്ദ്രവിഹിതം ലഭിച്ചതിനുശേഷം മാത്രം നൽകുകയും ചെയ്യുന്നതുമൂലം വന്യജീവി സങ്കേതങ്ങളുടെ പരിപാലനത്തിനായി ലഭിച്ചിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും, ആയത് ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നു. എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻകാലങ്ങളിലെപ്പോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന വിഹിതമായ 40% തുക കേന്ദ്രസഹായം ലഭിക്കുന്നതിന്

മുൻപ് ചെലവാക്കാനനുവദിക്കണമെന്നും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ [സ. ഉ. (പി) നം. 147/2017/ധനം, തീയതി 16-11-2017] ഭേദഗതി വരുത്തി നിയന്ത്രണത്തിൽ ഇളവ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. കേന്ദ്രസഹായം കുറവുവരുകയോ ലഭിക്കാതെ വരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വന്യജീവി സങ്കേതങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വരും വർഷം മുതൽ ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകത്തിൽ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വയനാട്, നിലമ്പൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നാണ് ഏറ്റവും കൂടുതൽ വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതെന്നും ഇതിൽ തന്നെ കാട്ടാനകളാണ് ഏറ്റവും ആക്രമകാരികളെന്നും സമിതി അഭിപ്രായപ്പെട്ടു. വന്യജീവികൾ നാട്ടിലിറങ്ങുന്നതുമൂലമുള്ള കൃഷിനാശവും, ആക്രമണകാരികളായ കാട്ടാനകളിൽ നിന്നുള്ള ശല്യവും വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ വന്യജീവികൾ, പ്രധാനമായും കാട്ടാനകളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ആനകളുടെ സഞ്ചാരപഥത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളും ആനയുടെ ആവാസ വ്യവസ്ഥകൾക്കിടയിൽ പ്രത്യേകം വേർതിരിക്കപ്പെട്ടുകിടക്കുന്ന പൊതുസ്ഥലങ്ങളും ആനത്താരയുടെ ഭാഗമായി ഏറ്റെടുത്ത് സ്വാഭാവിക വനമാക്കുന്നതുവഴി ഒറ്റപ്പെട്ടുകിടക്കുന്ന വിവിധ ആവാസ വ്യവസ്ഥകളുടെ തുടർച്ചയും അതുവഴി വന്യജീവികളുടെ സ്വതന്ത്ര സഞ്ചാരത്തിനും സഹായകരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ആനത്താരകളുടെ പുനരുദ്ധാരണം അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. പ്രശസ്ത വന്യജീവി ശാസ്ത്രജ്ഞൻ ഡോ. പി.എ. ഈസ 2017-ൽ സർക്കാരിന് സമർപ്പിച്ച പഠന റിപ്പോർട്ടിൽ ഒരു വർഷം ഇന്ത്യയിൽ 400 പേർ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നുവെന്ന് വ്യക്തമാക്കുന്നു. 2002 മുതൽ 2012 വരെ കേരളത്തിൽ മാത്രം 269 പേർ കൊല്ലപ്പെടുകയും 505 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ കണക്കിലെടുത്ത് വന്യജീവി സംരക്ഷണ മേഖലകളോട് ചേർന്നു കിടക്കുന്നതും വന്യജീവി ശല്യം രൂക്ഷമായതുമായ സ്ഥലങ്ങളിലും, ഉൾവനങ്ങളിലും താമസിക്കുന്ന ആൾക്കാരെ ഉഭയസമ്മത പ്രകാരം മതിയായ നഷ്ടപരിഹാരവും, വനത്തിനുപുറത്ത് ഭൂമിയും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്നത് സംസ്ഥാനത്തെ വിവിധ

പ്രദേശങ്ങളിൽ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. വന്യമൃഗങ്ങൾ, പ്രത്യേകിച്ചും ആനകൾ, കാട്ടുപന്നികൾ, കടുവകൾ, കരടികൾ, വിഷപാമ്പുകൾ എന്നിവ തുടർച്ചയായി മനുഷ്യജീവനും വിളകൾക്കും ഭീഷണിയാവുന്നു. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ, റെയിൽ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. <u>വന്യജീവി ആക്രമണം രൂക്ഷമാകുന്ന സ്ഥലങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ ശാക്തീകരണവും വന്യജീവി ആക്രമണം തടയുന്നതിനും ഇവ നാട്ടിലേക്കിറങ്ങുന്നത് മുൻകൂട്ടി അറിഞ്ഞ് ആവശ്യമായ മുന്നറിയിപ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

24. വിവിധ ഫോറസ്റ്റ് റേഞ്ചുകളിലായി, വേനൽക്കാലം രൂക്ഷമാകുന്ന ആറു മാസക്കാലയളവിൽ ചെരിയുന്ന ആനകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം ആശങ്കയുളവാക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. <u>സ്വാഭാവിക വനങ്ങൾക്കുള്ളിലെ വന്യജീവികളുടെ ആവാസവ്യവസ്ഥ സമ്പുഷ്ടമാക്കുന്നതിനായി വന്യമൃഗങ്ങളുടെ ആഹാരത്തിന് ഉതകും വിധം മിശ്രഫല വൃക്ഷങ്ങൾ യഥേഷ്ടം വച്ചുപിടിപ്പിക്കുക, വന്യജീവികൾക്കാവശ്യമായ വെള്ളം, ഭക്ഷണം എന്നിവ കാട്ടിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിനായി പുൽമേടുകളിലെ വനവൽക്കരണം തടയുക, നഷ്ടപ്പെട്ട പുൽമേടുകൾ പുനഃസ്ഥാപിക്കുക, കാട്ടുരുവികളും, ചതുപ്പുനിലങ്ങളും സംരക്ഷിക്കുക, ഈറ്റ, മുള തുടങ്ങിയവ വളർത്തുന്നതിനും നിലവിലുള്ളവയെ സംരക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

25. വന്യജീവി സങ്കേതങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം. കേരളത്തിന്റെ ജൈവആവാസ വ്യവസ്ഥയിലേക്ക് അതിക്രമിച്ചുകയറി ഈർപ്പം, പ്രകാശം, പോഷകവസ്തുക്കൾ, സ്ഥലം മുതലായവയ്ക്കായി തദ്ദേശിയ സസ്യങ്ങളുമായി മൽസരിക്കുകയും അതോടൊപ്പം തദ്ദേശിയ സസ്യങ്ങളുടെ വംശനാശത്തിന് കാരണമാകുകയും ചെയ്യുന്ന ഒരിനം സസ്യങ്ങളാണ് അധിനിവേശ സസ്യങ്ങൾ. കളകളായും പൂച്ചെടികളായും പരിഗണിക്കപ്പെടുന്ന ഇവ വിവിധ കാലഘട്ടങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേക സാഹചര്യങ്ങളിൽ (സാമൂഹ്യ വനവൽക്കരണം പോലുള്ള) വന്നുപെട്ടവയാണ്. മുടില്ലാത്താളി, ധൃതരാഷ്ട്രപ്പച്ച, ആനത്തൊട്ടാവാടി, കമ്മ്യൂണിസ്റ്റ്പച്ച, യൂക്കാലി, അക്കേഷ്യ, മാഞ്ചിയം, കോൺഗ്രസ്സ്പച്ച, കൊങ്ങിണി, മഞ്ഞക്കൊന്ന തുടങ്ങിയവ ഉദാഹരണങ്ങൾ. ഇവയുടെ വ്യാപനം പുല്ല്

ഉൾപ്പെടെയുള്ള ചെടികൾ ഇല്ലാതാകുന്നതിനും അതിലൂടെ ഭക്ഷ്യക്ഷാമം ഉണ്ടാകുന്നതിനും കാരണമാകുന്നു. സസ്യാഹാരികളായ ജീവജാലങ്ങളെയാണ് ഇത് പ്രധാനമായും ബാധിക്കുന്നത്. വന്യജീവി സങ്കേതങ്ങളിലെ പതിവ് കാഴ്ചയായിരുന്ന പുൽമേടുകളിൽ മേയുന്ന മാൻകൂട്ടങ്ങൾ ഇപ്പോൾ അപൂർവ്വദൃശ്യമായി. കാടിനും നാടിനും ഭീഷണി ഉയർത്തുന്ന അധിനിവേശ സസ്യവ്യാപനത്തെ അതീവഗൗരവത്തോടെ വീക്ഷിക്കുന്ന സമിതി, കേരളത്തിലെ വിവിധ വന്യജീവി സങ്കേതങ്ങളിലെ അധിനിവേശ സസ്യങ്ങളെ കാടിറക്കുന്നതിനാവശ്യമായ ഫലപ്രദമായ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശിപാർശചെയ്യുന്നു.

26. വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും ശാസ്ത്രീയമായ പരിപാലനത്തിന് സമഗ്രമായ നിരീക്ഷണം അനിവാര്യമാണ്. ആന, കടുവ തുടങ്ങിയ മൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിനും, ഇവയുടെ സാന്നിദ്ധ്യം ജി.ഐ.എസ്. സംവിധാനത്തിലൂടെ രേഖപ്പെടുത്തി തുടർച്ചയായി നിരീക്ഷിക്കുന്നതും വന്യജീവി പരിപാലനത്തിന് ഉപകരിക്കുന്നതാണ്. ഇതിലേയ്ക്കായി വന്യജീവി ഇടനാഴികളിലും സഞ്ചാരപഥങ്ങളിലും ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളുടെ സാന്നിദ്ധ്യവും സഞ്ചാരവും നിരന്തരം നിരീക്ഷിക്കുന്നതിനുള്ള നൂതനസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ശാസ്ത്രീയമായ വന്യജീവി പരിപാലനത്തിന് വന്യജീവികളുടെ കണക്കെടുപ്പ് കൃത്യതയോടുകൂടി സമയബന്ധിതമായി നടപ്പിലാക്കുന്നത് അത്യന്താപേക്ഷിതമാണ്. കേന്ദ്ര സർക്കാരുമായി ചേർന്ന് ഇത് സംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കി കൃത്യതയോടെ വന്യജീവി കണക്കെടുപ്പുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്നും ആയതിലേയ്ക്കായി വനമേഖല മുഴുവൻ നിരീക്ഷിക്കുന്നതിനായി എല്ലാ വനമേഖലകളിലും വനം സ്റ്റേഷനുകൾ സ്ഥാപിക്കുകയും പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. വന്യജീവി സങ്കേതങ്ങളിൽ പുനർവിന്യസിച്ചിരിക്കുന്ന ജീവനക്കാർക്ക് വന്യജീവി പരിപാലനത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകേണ്ടതും സംരക്ഷിതമേഖലകളിലെ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച ഗവേഷണം ഏകോപിപ്പിക്കേണ്ടതും അനിവാര്യമാണ്. ഇത്തരത്തിലുള്ള ഗവേഷണ ഫലങ്ങൾ മാനേജ്മെന്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് ഓരോ പ്രധാന ജീവജാലങ്ങൾക്കും ആവശ്യമായ സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. വനാതിർത്തിയിലെ ജനവാസകേന്ദ്രങ്ങളുടെ വർദ്ധനവും, വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷി രീതികളും, വ്യാപകമായ തോതിലുള്ള വനനശീകരണവുമാണ് വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് തീറ്റ നേടി വരുന്നതിനുള്ള കാരണങ്ങളെന്ന് സമിതി അഭിപ്രായപ്പെട്ടു. ആനകളെ കൂടാതെ കരടി, കാട്ടുപന്നി, കുരങ്ങ് തുടങ്ങി ചെറുതും വലുതുമായ ജീവികളും വനാതിർത്തികളിൽ നാശം വിതയ്ക്കുന്നുണ്ട്. വന്യമൃഗ ശല്യം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ഉൾപ്പെട്ട ജനജാഗ്രതാ സമിതികൾ രൂപവൽക്കരിച്ച് പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാകുന്നു. വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യം മുന്നിൽ കണ്ട് വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ ജലസ്രോതസ്സുകളുടെ നവീകരണം, തടയണ നിർമ്മാണം എന്നീ പ്രവർത്തികൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. വന്യജീവികളുടെ ആവാസ വ്യവസ്ഥ വേരോടെ പിഴുതെറിയുന്ന പ്രതിഭാസമാണ് 'കാട്ടുതീ'. സുസ്ഥിര വികസനത്തിന്റെ അടിസ്ഥാന ആശയമായ വനസംരക്ഷണത്തിന് ഭീഷണിയാകുന്ന കാട്ടുതീ പ്രതിരോധിക്കേണ്ടത് വളരെ ഗൗരവത്തോടെ സമീപിക്കേണ്ട വിഷയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ കാട്ടുതീ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കാട്ടുതീ ഉണ്ടായാൽ നേരിടുന്നതിനാവശ്യമായ സജ്ജീകരണങ്ങളും വന്യജീവി ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും നിലനിൽപ്പിനും അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു.

31. കാട്ടുതീമൂലം മണ്ണിന്റെ ജലസംഭരണശേഷി നഷ്ടപ്പെടുന്നു. ഉരഗങ്ങൾ മുതൽ വലിയ ജീവികളുടെ വരെ നിലനിൽപ്പിനെ ഇത് ദോഷകരമായി ബാധിക്കുന്നു. കൂടാതെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതോടുകൂടി കാട്ടുതീയിൽ നിന്നും രക്ഷ നേടുന്ന മൃഗങ്ങൾക്ക് ആയുസ്സ് അധികം ഉണ്ടാകാറില്ല. അതോടുകൂടി അവയുടെ വംശനാശം സംഭവിക്കുകയും ചെയ്യുന്നു എന്ന് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു.

32. കാട്ടുതീ പടരുന്നത് പ്രധാനമായും സഞ്ചാരികൾ അലക്ഷ്യമായി വലിച്ചെറിയുന്ന സിഗരറ്റ് കുറ്റികളിൽ നിന്നാണെന്ന് നിരീക്ഷിച്ച സമിതി, വേനൽക്കാലങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് കാട്ടുതീ ബോധവൽക്കരണം നൽകിയും നിയമങ്ങളുടെ കർശനമായ നടത്തിപ്പുമുഖേനയും മാത്രമേ കാട്ടുതീ പ്രതിരോധിക്കുവാൻ കഴിയുകയുള്ളൂവെന്ന് വിലയിരുത്തുന്നു.

33. കേരള വനാതിർത്തിയോട് ചേർന്ന് തേനിയിൽ കഴിഞ്ഞ വർഷം ഉണ്ടായ 'കാട്ടുതീ'യിൽ നിന്നും പാഠം ഉൾക്കൊണ്ട് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ട മുന്നൊരുക്കം വേനൽക്കാലത്തിന് മുൻപ് ആരംഭിക്കണമെന്നും വനാതിർത്തികളിൽ ഒരുക്കുന്ന 5.20 മീറ്റർ വീതിയിലുള്ള ഫയർ ലൈനുകളുടെ നിർമ്മാണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കണമെന്നും ഇതിനായി ഫയർ വാച്ചർമാരുടെയും ഫയർ ഗ്യാങ്ങുകളിലെ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കണമെന്നും, ഇവർക്ക് ദിവസവേതന വ്യവസ്ഥയിൽ നൽകുന്ന വേതനം വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. വന സൗന്ദര്യം ആസ്വദിക്കുന്നതിനും, ട്രക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമായി ഫെയ്സ്ബുക്ക് കൂട്ടായ്മ മുഖേനയും മറ്റുമായി എത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത്, വനങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ സുരക്ഷിതമായ വിനോദസഞ്ചാരം നടത്തേണ്ടതിനെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ സഞ്ചാരികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന ബുക്ക് ലെറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യണമെന്നും സുരക്ഷിത വിനോദസഞ്ചാരം സംബന്ധിച്ച് സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണം ശക്തമാക്കണമെന്നും അതോടൊപ്പം വിനോദസഞ്ചാരികളെ സഹായിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ മതിയായ ടൂറിസ്റ്റ് ഗൈഡുകളെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. കാട്ടുതീ പ്രതിരോധിക്കുന്നതിനായി നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 1980 കളുടെ തുടക്കത്തിൽ കുളത്തുപ്പുഴയ്ക്ക് സമീപമുള്ള അരിപ്പയിൽ ആരംഭിച്ച ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി തുടങ്ങിയ ഫയർ ട്രെയിനിംഗ് സെന്റർ നിലവിൽ യാതൊരുവിധ പ്രവർത്തനവും നടത്തുന്നില്ലെന്നും പേരിനുമാത്രം നിലനിൽക്കുന്ന ഒരു സ്ഥാപനമായി ഇത് മാറിയിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കി, പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കണമെന്നും, ഫയർ ട്രെയിനിംഗ് നൽകുന്നതിനാവശ്യമായ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. ശാസ്ത്രീയ പഠനങ്ങളിൽ നിന്നും വന്യജീവി സെൻസസ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത് വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർധനവല്ല വന്യജീവികൾ

നാട്ടിലേയ്ക്കിറങ്ങാൻ കാരണമാകുന്നതെന്നും ഇതിനുള്ള പ്രധാന കാരണം നാട് കാട്ടിലേയ്ക്ക് കയറുന്നത് അഥവാ ആവാസ വ്യവസ്ഥയുടെ ശോഷണം തന്നെയാണെന്നാണ്. ശക്തമായ വനം-വന്യജീവി നിയമങ്ങൾ സംസ്ഥാനത്ത് പാലിക്കുന്നതുമൂലമാണ് വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതെന്നും ഒരു പരിഷ്കൃത സമൂഹത്തിന്റെ അടയാളമാണിതെന്നും നിയമങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ പച്ചപ്പും, കാടും, മൃഗങ്ങളും നാമാവശേഷമാകുമായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. വനസംരക്ഷണത്തിനും, വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ട് കുട്ടികളിൽ വനസംരക്ഷണ പ്രവർത്തനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഫോറസ്റ്റി ക്ലബ്ബുകൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജനുവരി 30.

അനുബന്ധം

CENTRALLY SPONSORED SCHEMES -2018-19

| Sl no | Name of Scheme | Budget Outlay in state budget | GOI Approved | GOI release (80% of Central Share) 1st installment | Corresponding State Release (80% of State Share) as per GOI 1st installment | Total Release (1st installment) |
|---|---|---|---|---|---|---|
| | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | INTEGRATED DEVELOPMENT OF WILDLIFE HABITATS | | | | | |
| | Neyyar Wildlife Sanctuary 2406-02-110-39 (01) | 95.00 | 66.672 | 32.00 | 21.34 | 53.34 |
| | Wayanad Wildlife Sanctuary 2406-02-110-39 (02) | 125.00 | 103.460 | 49.661 | 33.11 | 82.77 |
| | Idukki Wildlife Sanctuary 2406-02-110-39 (03) | 70.00 | 72.525 | 34.812 | 23.21 | 58.02 |
| | Peechi, Vazhani Wildlife Sanctuary 2406-02-110-39 (04) | 62.50 | 76.390 | 36.667 | 24.44 | 61.11 |
| | Peppara Wildlife Sanctuary 2406-02-110-39 (05) | 42.50 | 57.480 | 27.590 | 18.39 | 45.98 |
| | Shendurney Wildlife Sanctuary 2406-02-110-39 (06) | 42.50 | 74.740 | 35.875 | 23.92 | 59.79 |
| | Chimmoney Wildlife Sanctuary 2406-02-110-39 (07) | 42.50 | 83.640 | 40.147 | 26.76 | 66.91 |
| | Aralam Wildlife Sanctuary 2406-02-110-39 (08) | 75.00 | 81.840 | 39.283 | 26.19 | 65.47 |
| | Chinnar Wildlife Sanctuary : 2406-02-110-39 (09) | 67.50 | 58.070 | 27.874 | 18.58 | 46.46 |
| | Thattekkad Bird Sanctuary : 2406-02-110-39 (10) | 52.50 | 44.875 | 21.540 | 14.36 | 35.90 |
| | Mangalavanam Bird Sanctury : 2406-02-110-39 (11) | 35.00 | 8.000 | 3.840 | 2.56 | 6.40 |
| | Kurinjimala Sanctury : 2406-02-110-39 (12) | 22.00 | 16.800 | 8.064 | 5.38 | 13.44 |
| | Chulannur Peacock Sanctuary : 2406-02-110-39 (13) | 30.00 | 13.418 | 6.441 | 4.29 | 10.73 |

| | | | | | | |
|---|---|---|---|---|---|---|
| | Malabar Wildlife Sanctuary : 2406-02-110-39 (14) | 35.00 | 31.930 | 15.326 | 10.22 | 25.54 |
| | Kottiyoor Wildlife Sanctuary : 2406-02-110-39 (15) | 52.50 | 36.665 | 17.594 | 11.73 | 29.32 |
| | **Management of National Parks** | | | | | |
| | Eravikulam National Park : 2406-02-110-38 (01) | 67.50 | 93.110 | 44.693 | 29.80 | 74.49 |
| | Silent Valley National Park : 2406-02-110-38 (02) | 100.00 | 128.950 | 61.896 | 41.26 | 103.16 |
| | Anamudi Shola National Park : 2406-02-110-38 (03) | 27.50 | 25.000 | 12.000 | 8.00 | 20.00 |
| | Mathikettan Shola National Park : 2406-02-110-38 (04) | 27.50 | 24.530 | 11.774 | 7.85 | 19.62 |
| | Pampadum Shola National Park : 2406-02-110-38 (05) | 27.50 | 35.890 | 17.227 | 11.48 | 28.71 |
| | **Community Reserve** | | | | | |
| | Kadalundi-Vallikkunnu : 2406-02-110-37 | 5.00 | 13.220 | 6.346 | 4.23 | 10.58 |
| | **TOTAL** | **1104.50** | **1147.195** | **550.654** | **367.10** | **917.76** |
| | Project Elephant: 2406-02-110-35 | 627.50 | 863.000 | 414.240 | 276.16 | 690.40 |

**KERALA FOREST DEPARTMENT**

PLAN PROGRESS REPORT (FINANCIAL) AS ON MARCH 31, 2018 DURING 2017-18 (Rs in lakhs)

| Sl. No. | Name of Scheme/Head of Account | Approved Plan | | | Release | | | Amount Spent |
|---|---|---|---|---|---|---|---|---|
| | | State | Central | Total | State | GoI | Total | |
| 1 | 2 | 9 | 10 | 11 | 12 | 13 | 14 | 15 |
| A. | STATE SECTOR SCHEMES | | | | | | | |
| I | Measures to reduce Man Animal conflict (2406-01-800-56) | 1340.000 | - | 1340.000 | 1340.000 | - | 1,340.00 | 1334.880 |
| II | Conservation of Biodiversity (2406-02-110-68) | 525.000 | - | 525.000 | 525.000 | - | 525.00 | 522.220 |
| III | Eco Development Programme ( 2406-02-110-56 ) | 350.000 | - | 350.000 | 350.000 | - | 350.00 | 348.520 |
| | SUB TOTAL ( A ) | 2215.000 | 0.000 | 2215.000 | 2215.000 | 0.000 | 2215.000 | 2205.620 |
| B | SCHEMES HAVING 60:40 SHARES BETWEEN | | | | | | | |
| 1 | Integrated Development of Wildlife Habitats | | | | | | | |
| i | Management of Wildlife Sanctuaries | | | | | | | |
| 1 | Neyyar Wildlife Sanctuary (2406-02-110-39) (01) | 24.97 | 37.45 | 62.420 | 24.960 | 37.450 | 62.42 | 62.420 |
| 2 | Wayanad Wildlife Sanctuary (2406-02-110-39) (02) | 58.94 | 88.42 | 147.360 | 55.318 | 82.967 | 138.29 | 133.560 |
| 3 | Idukki Wildlife Sanctuary (2406-02-110-39) (03) | 25.17 | 37.76 | 62.925 | 25.170 | 37.751 | 62.92 | 62.920 |
| 4 | Peechi, Vazhani (2406-02-110-39) (04) | 29.29 | 43.93 | 73.220 | 29.290 | 43.936 | 73.23 | 73.220 |
| 5 | Peppara Wildlife Sanctuary (2406-02-110-39) (05) | 21.40 | 32.11 | 53.510 | 21.400 | 32.101 | 52.94 | 52.937 |
| 6 | Shendurney Wildlife Sanctuary (2406-02-110-39) (06) | 27.56 | 41.34 | 68.900 | 27.560 | 41.338 | 68.88 | 68.874 |
| 7 | Chimmoney Wildlife Sanctuary (2406-02-110-39) (07) | 30.93 | 46.39 | 77.320 | 30.930 | 46.388 | 77.32 | 77.300 |
| 8 | Aralam Wildlife Sanctuary (2406-02-110-39) (08) | 27.72 | 41.59 | 69.310 | 27.720 | 41.587 | 69.31 | 69.300 |
| 9 | Chinnar Wildlife Sanctuary (2406-02-110-39) (09) | 22.15 | 33.22 | 55.370 | 22.150 | 33.224 | 55.37 | 55.370 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | Thattekkad Birds Sanctuary (2406-02-110-39) (10) | 13.79 | 20.69 | **34.480** | 13.790 | 20.688 | **34.48** | 34.479 |
| 11 | Mangalavanam Birds Sanctuary (2406-02-110-39) (11) | 2.74 | 4.12 | **6.860** | 2.750 | 4.113 | **6.86** | 6.860 |
| 12 | Kurinjimala Sanctuary (2406-02-110-39) (12) | 7.60 | 11.40 | **19.000** | 7.600 | 11.400 | **19.00** | 18.940 |
| 13 | Choolannur Peacock Sanctuary (2406-02-110-39) (13) | 3.72 | 5.58 | **9.300** | 3.720 | 5.576 | **9.30** | 9.481 |
| 14 | Malabar Sanctuary (2406-02-110-39) (14) | 9.75 | 14.63 | **24.380** | 9.759 | 14.626 | **24.39** | 23.425 |
| 15 | Kottiyoor Wildlife Sanctuary (2406-02-110-39) (15) | 10.96 | 16.43 | **27.390** | 10.950 | 16.437 | **27.39** | 27.380 |
| | **Subtotal of WL Sanctuaries** | **316.698** | **475.047** | **791.745** | **313.067** | **469.582** | **782.080** | **776.466** |
| ii | **Management of National Parks** | | | | | | | |
| 1 | Eravikulam National Park (2406-02-110-38) (01) | 78.23 | 117.35 | **195.580** | 68.116 | 102.168 | **170.28** | 170.230 |
| 2 | Silent Valley National Park (2406-02-110-38) (02) | 67.38 | 101.06 | **168.440** | 62.700 | 94.043 | **156.74** | 156.728 |
| 3 | Anamudi National Park (2406-02-110-38) (03) | 8.61 | 12.92 | **21.530** | 8.610 | 12.914 | **21.52** | 21.490 |
| 4 | Mathikettanmala National Park (2406-02-110-38) (04) | 8.78 | 13.18 | **21.960** | 8.790 | 13.175 | **21.97** | 21.957 |
| 5 | Pampadumshola National Park (2406-02-110-38) (05) | 8.06 | 12.08 | **20.140** | 8.050 | 12.087 | **20.14** | 20.140 |
| | **Subtotal of National Parks** | **171.060** | **256.590** | **427.650** | **156.266** | **234.387** | **390.653** | **390.546** |
| iii | **Management of Community Reserve** | | | | | | | |
| 1 | Integrated Development of Wild Life Habitats - Management of Community Reserve (60:40 between Centre and State) (2406-02-110-37) (01) | 1.87 | 2.81 | **4.680** | 1.870 | 2.812 | **4.68** | 4.680 |
| iv | **Project Tiger (60:40 between Centre and State)** | | | | | | | |
| 1 | Periyar Tiger Reserve (2406-02-110-36) (01) | 329.36 | 376.64 | **705.990** | 329.361 | 376.637 | **705.99** | 698.963 |
| 2 | Parambikulam Tiger Reserve (2406-02-110-36) (02) | 251.35 | 272.50 | **523.850** | 251.350 | 272.500 | **523.85** | 523.840 |
| | **Subtotal of Project Tiger** | **580.707** | **649.143** | **1229.840** | **580.711** | **649.137** | **1229.840** | **1222.803** |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | **Project Elephant (2406-02-110-35)** | 321.70 | 482.55 | 804.250 | 322.000 | 483.000 | 805.00 | 719.510 |
| 3 | **Conservation of Natural Resources & Ecosystems** | | | | | | | |
| i | Nilgiri Biosphere Reserve (2406-02-110-34) | 98.73 | 148.09 | 246.820 | 59.240 | 88.850 | 148.09 | 148.010 |
| ii | Agasthyamala Biosphere Reserve (2406-02-110-33) | 124.74 | 187.11 | 311.850 | 74.844 | 112.266 | 187.11 | 184.590 |
| iv | Integrated Development of Wildlife Habitats to Wayanad Wildlife Sanctuary for Voluntary Relocation of Settlments from Protected Areas (2406-02-110-31) | 0.00 | - | 0.000 | 0.000 | 0.000 | 0.00 | 0.000 |
| v | Integrated Development of Wildlife Habitats Outside Protected Areas (2406-02-110-52) | 171.60 | 257.40 | 429.000 | 137.280 | 205.920 | 343.20 | 211.480 |
| | **Subtotal of Nature Resources & Ecosystems** | 395.070 | 592.600 | 987.670 | 271.364 | 407.036 | 678.400 | 544.080 |
| | **SUB TOTAL (B)** | 1787.107 | 2458.738 | 4245.835 | 1645.278 | 2245.954 | 3890.655 | 3658.084 |
| | **GRAND TOTAL (A+B)** | 4002.107 | 2458.738 | 6460.835 | 3860.278 | 2245.954 | 6105.655 | 5863.704 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.